# ഊഹങ്ങൾ കൈവെടിയുക യാഥാർഥ്യങ്ങൾ തിരിച്ചറിയുക

തർബിയത്ത് ◆ മുഹമ്മദുൽ ഗസാലി

**ഊഹാപോഹങ്ങൾ** ഭൂമിയിലെല്ലായിടത്തും നിറഞ്ഞാടുകയാണ്. പ്രഭാതം തുടങ്ങി പ്രദോഷമാകുമ്പോഴേക്ക് എത്രയെത്ര ഊഹങ്ങൾ നമുക്കിടയിൽ വന്നുപോയിട്ടുണ്ടാവും! നിങ്ങൾ ദിനേന കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിലെ സത്യാവസ്ഥ ചികഞ്ഞന്വേഷിക്കാൻ തുനിഞ്ഞാൽ നിങ്ങൾ പരവശനാകും, തീർച്ച.

രാവിലെയും വൈകുന്നേരവും ആയിരക്കണക്കിനു പത്രങ്ങളും പ്രക്ഷേപണങ്ങളും ലോകത്തെയാകെ ഇളക്കിമറിച്ചു കൊണ്ടിരിക്കുന്നു. അവ പുറത്തുവിടുന്ന വാർത്തകൾ പരിശോധിച്ചാൽ സത്യം അൽപം മാത്രമേ കണ്ടെടുക്കാനാവൂ. അസംബന്ധങ്ങളാലും അസത്യങ്ങളാലും വലയം ചെയ്യപ്പെട്ടിരിക്കുകയാണ് വാർത്തകൾ. കൂരിരുട്ടിൽ കെട്ടടങ്ങാറായ നക്ഷത്രംപോലെ മങ്ങിയ വെളിച്ചമായി സത്യം അവക്കിടയിൽ മിന്നിയെങ്കിലായി.

വിശ്വാസമേഖല എടുക്കൂ. എത്ര മതങ്ങളാണ് കള്ളവും കെട്ടുകഥകളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ രംഗത്താവട്ടെ എന്ത് താന്തോന്നിത്തവും അതിക്രമവും ന്യായീകരിക്കപ്പെടുന്നു. അധികാരത്തിന്റെ തിണ്ണബലത്തിൽ നന്മകളെ തിന്മകളാക്കി മാറ്റുന്നു. അതുകൊണ്ടാണ് അല്ലാഹു പ്രവാചകനെ പ്രത്യേകം ഉണർത്തുന്നത്: “ഓ പ്രവാചകരേ, താങ്കൾ ഭൂവാസികളിൽ ഭൂരിപക്ഷത്തിന്റെ ഇംഗിതമനുസരിച്ച് ചലിക്കുകയാണെങ്കിൽ, അവർ താങ്കളെ ദൈവികസരണിയിൽനിന്ന് വ്യതിചലിപ്പിക്കുന്നതാകുന്നു. അവരോ, കേവലം ഊഹങ്ങളെ പിൻപറ്റുകയും അനുമാനങ്ങൾ നടത്തുകയുമാണ് ചെയ്യുന്നത്” (*അൽ അൻആം*: 116).

“അവരിലധികമാളുകളും കേവലം അനുമാനങ്ങളുടെയും ഊഹങ്ങളുടെയും പിന്നാലെയാണ് ചരിക്കുന്നത് എന്നതത്രെ സത്യം. ഊഹാപോഹമാകട്ടെ, സത്യത്തെ സംബന്ധിച്ചേടത്തോളം ഒരു പ്രയോജനവും ചെയ്യില്ല. ഇവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണമറിയുന്നു” (*യൂനുസ്*: 36).

സമൂഹത്തിൽ സത്യം അന്യംനിന്നുപോകുമ്പോൾ, അത് എവിടെയുണ്ടെന്ന് കണ്ടെത്തി അതിനെ മുറുകെ പിടിക്കേണ്ടത് അനിവാര്യമാണ്. സന്മാർഗം അന്വേഷിച്ചുകൊണ്ടിരിക്കാൻ മുഴുവൻ വിശ്വാസികളോടും അല്ലാഹു കൽപിച്ചതിനു പിന്നിലെ രഹസ്യം അതായിരിക്കാം. അതിനായുള്ള പ്രാർഥന ആവർത്തിച്ചുകൊണ്ടിരിക്കാനും കൽപിച്ചിരിക്കുന്നു. ഓരോ നിർബന്ധ-ഐഛിക നമസ്കാരവേളയിലും രക്ഷിതാവിന്റെ മുമ്പാകെ അവൻ പറയുന്നു; ‘നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ, നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപത്തിനിരയായവരുടെയും വ്യതിചലിച്ചവരുടെയും മാർഗത്തിലല്ല’ (*അൽ ഫാത്തിഹ*: 6,7)

അപ്പോൾ നേരായ മാർഗം ഏതാണ്? അത് ഏതെങ്കിലും രാഷ്ട്രത്തിലൂടെ കടന്നുപോകുന്ന രാജപാതയുടെ പേരല്ല. ജീവിതപ്രയാസങ്ങൾക്കിടയിൽ സ്വന്തത്തിനു വേണ്ടി മനുഷ്യൻ തന്നെ വെട്ടുന്ന പാതയാണത്. വിവിധങ്ങളായ അഭിപ്രായങ്ങൾക്കിടയിൽ ശരി ഏതെന്നറിയാൻ തേടുന്ന വഴി.

മനുഷ്യൻ നേരെ ചൊവ്വെ നിലകൊള്ളുകയും സത്യം അന്വേഷിക്കുകയും ചെയ്യുമ്പോഴെല്ലാം അതവനെ നേരായ മാർഗത്തിലേക്ക് തുണക്കും. ആ മാർഗത്തിലെ രണ്ട് അറ്റങ്ങൾക്കിടയിലെ അകലം അവന് കുറഞ്ഞതായി അനുഭവപ്പെടും. പിന്നീടവൻ സത്യമാർഗത്തിൽനിന്ന് തെന്നിമാറാനോ പിഴക്കാനോ ഉള്ള സാധ്യത വിരളമാണ്. എന്നാൽ ഈ അവസ്ഥ കൈവരിക്കാനും ആ മാർഗത്തിൽ അടിയുറച്ചുനിൽക്കാനും മനുഷ്യന് ധാരാളം ശ്രമങ്ങളും ത്യാഗവും ആവശ്യമാണ്. അതോടൊപ്പം അല്ലാഹുവിനോട് ധാരാളം പ്രാർഥിച്ചുകൊണ്ടിരിക്കലും അത്യാവശ്യമാണ്. ആപത്സന്ധികളിൽ പ്രവാചകൻ നമസ്കാരത്തിൽ അഭയംതേടുകയും അല്ലാഹുവിനോട് ധാരാളം പ്രാർഥിക്കുകയും ചെയ്യുമായിരുന്നു.

ഐഹികലോകത്ത് മനുഷ്യൻ വഴികേടിലകപ്പെട്ടേക്കാം. ചുറ്റുമുള്ള അസത്യങ്ങളെ അവൻ സത്യമായി തെറ്റിദ്ധരിച്ചേ

ക്കാം. തെറ്റായ നിലപാടെടുക്കുമ്പോഴാണ് ഈ അബദ്ധം സംഭവിക്കുന്നത്. മനുഷ്യൻ ഊഹങ്ങൾക്കും സങ്കൽപങ്ങൾക്കും പിന്നാലെ ഓടുന്നതാണ് പ്രശ്നം. “നിനക്ക് അറിഞ്ഞുകൂടാത്ത സംഗതികളുടെ പിന്നാലെ കൂടാതിരിക്കുക. നിശ്ചയം കണ്ണും കാതും മനസ്സും എല്ലാം തന്നെ ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.” (*അൽ ഇസ്രാഅ്*: 36)

സത്യം അറിയാനും മനസ്സിലാക്കാനും മനുഷ്യൻ തന്റെ ജ്ഞാനേന്ദ്രിയങ്ങളും ചിന്തയും തുറന്നുവെക്കണം. ഊഹങ്ങളിൽനിന്ന് അകന്നുനിൽക്കണം. അമേരിക്കൻ എഴുത്തുകാരനായ ഡേൽ കാർനേഗ് പറഞ്ഞു: “പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും എന്നിട്ട് പരിഹരിക്കാനും മൂന്നു കാര്യങ്ങൾ ചെയ്തിരിക്കണം:

യാഥാർഥ്യം ഏത് എന്ന് തിരിച്ചറിയുക, അവയെ വിശകലനം ചെയ്യുക, ദൃഢമായ തീരുമാനം കൈക്കൊള്ളുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.”

യാഥാർഥ്യങ്ങൾ സ്പഷ്ടമായിക്കിട്ടാൻ ആദ്യം വേണ്ടത് ചുറ്റുമുള്ള കാര്യങ്ങളെക്കുറിച്ച ശാന്തമായ ആലോചനയാണ്. അതിന്റെ അടിസ്ഥാനത്തിൽ വേണം പിന്നീട് സ്വഭാവചര്യകളെ ഉറപ്പിച്ചുനിർത്തേണ്ടത്. വെളിപ്പെട്ട സത്യം എത്ര കയ്പുള്ളതാണെങ്കിലും അത് പൂർണമായും അംഗീകരിക്കാൻ നാം ബാധ്യസ്ഥരാണ്.

എന്നാൽ മനുഷ്യന് എന്തുകൊണ്ടത് പ്രയാസമായി തീരുന്നു? ഒരു വസ്തുവിനോടുള്ള സ്നേഹം ചിലപ്പോൾ അവനെ അന്ധനും മൂകനുമാക്കും. അതുപോലെത്തന്നെ വെറുപ്പും. ഈ സ്നേഹവും വെറുപ്പുംപോലെ തന്നെയാണ്, മനുഷ്യചിന്തകളെയും മനസ്സുകളെയും കീഴടക്കുന്ന വികാരങ്ങൾ അധികവും. അതവന്റെ ജീവിതത്തിനു പ്രത്യേക വർണങ്ങൾ നൽകും. അപ്പോൾ കാര്യങ്ങൾ യഥാവിധി കാണാനോ മനസ്സിലാക്കാനോ അവന് സാധിക്കാതെ വരുന്നു. ചിലപ്പോൾ നടപ്പുസമ്പ്രദായങ്ങളുടെ ഊരാക്കുടുക്കുകളിൽ കുടുങ്ങിയും യാതൊരു അടിസ്ഥാനവുമില്ലാത്ത പൂർവിക ചിന്തകളുടെ പിന്നാലെ പോയും സത്യത്തിൽനിന്ന് അവൻ തെറ്റിയേക്കാം. യാഥാർഥ്യങ്ങൾ കണ്ടെത്തുന്നതിൽ അവനെന്നും വഞ്ചിക്കപ്പെടുകയാണെങ്കിൽ, താൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് അവനെങ്ങനെ പരിഹാരം കാണും? അശ്രദ്ധയിൽ കഴിയാതെ ചിന്തിച്ചും ആലോചിച്ചും മുന്നോട്ടു പോകാനാണ് ഖുർആൻ നിർദേശിക്കുന്നത്:

“ഇപ്രകാരം അല്ലാഹു അവന്റെ നിയമങ്ങൾ നിങ്ങൾക്ക് സ്പഷ്ടമായി വിവരിച്ചുതരുന്നു. നിങ്ങൾ ചിന്തിച്ചും ഗ്രഹിച്ചും പ്രവർത്തിച്ചെങ്കിൽ” - (*അൽ ബഖറ*: 242).

“ഇനിയും നിങ്ങൾ ബോധവാന്മാരാകുന്നില്ലേ” - (*യൂനുസ്*: 3).

ഡേൽ കാർനേഗ് ഈ ആയത്തുകളെ വിശദീകരിക്കുന്നതു പോലെയുണ്ട്. അദ്ദേഹം പറയുന്നു: “മനുഷ്യൻ സത്യങ്ങളെ സത്യങ്ങളായി കാണുന്നത് അപൂർവ വേളയിലാണ്. കണ്ടെത്തിയ യാഥാർഥ്യങ്ങളിൽനിന്നുതന്നെ തനിക്ക് ആഭിമുഖ്യമുള്ളത് മാത്രമേ അവൻ സ്വീകരിക്കൂ. അല്ലാത്തവ പരിഗണിക്കുകയില്ല. അഥവാ തന്റെ ആഗ്രഹങ്ങളോട് ചേർന്നു നിൽക്കുന്ന, പ്രശ്നങ്ങൾക്ക് ബാഹ്യമായ പരിഹാരമാണെന്ന് തോന്നുന്ന കാര്യങ്ങളിലേക്കായിരിക്കും അവൻ ധൃതികൂട്ടുക.”

ആഡ്രിയോ മോറോ പറഞ്ഞു: “നമ്മുടെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും യോജിച്ചവ നാം ഉൾക്കൊള്ളുന്നു. അവക്ക് വിരുദ്ധമായവ നമ്മെ കോപിഷ്ഠരാക്കുന്നു. പിന്നെ എങ്ങനെ പ്രശ്നങ്ങൾക്ക് പരിഹാരം കാണും! രണ്ടും രണ്ടും കൂട്ടിയാൽ നാല് എന്നതിനു പകരം അഞ്ച് എന്നു പറഞ്ഞാൽ എന്ത് ചെയ്യും! ഈ ഉത്തരത്തിൽ കടിച്ചുതൂങ്ങി പലരും തങ്ങളുടെ ജീവിതം നരകതുല്യമാക്കുന്നു. അവർക്ക് രണ്ടും രണ്ടും കൂട്ടിയാൽ കിട്ടുന്ന ഉത്തരം ചിലപ്പോൾ അഞ്ഞൂറുമാകും!! എന്താണ് ഇതിനു പ്രതിവിധി? അത് നമ്മുടെ വികാരത്തെയും ചിന്തയെയും വേർപെടുത്തലാണ്. എന്നിട്ട് കണിശതയോടും സൂക്ഷ്മതയോടും കൂടി യാഥാർഥ്യങ്ങളെ തെരഞ്ഞെടുക്കുക”

മനസ്സിന്റെ ശാന്തതയും വളരെ പ്രധാനമാണ്. മനസ്സിൽ വെപ്രാളമോ ഭീതിയോ ഇല്ലാതെ കാര്യങ്ങളെ സമീപിക്കണം. ഭീതിയുടെയും ഭീരുത്വത്തിന്റെയും പര്യവസാനം നാശവും പരാജയവുമാണ്. സ്വതന്ത്ര ബുദ്ധിയോടും ഭയരഹിതമായും പോർക്കളത്തിലിറങ്ങിയവരേ ധീരരും നായകരുമായിട്ടുള്ളൂ. യോദ്ധാക്കളുടെയും നായകന്മാരുടെയും ജീവിതം അതാണ് പഠിപ്പിക്കുന്നത്.

സകീനത്ത് (മനസ്സമാധാനം) എന്ന വാക്ക് ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. ദൈവവിശ്വാസവുമായി ബന്ധപ്പെട്ട സമാധാനത്തെയാണ് അതു സൂചിപ്പിക്കുന്നത്.അല്ലാഹുവുമായുള്ള അഭേദ്യമായ അടുപ്പത്തിലൂടെയും വിധി വിശ്വാസത്തിലൂടെയും പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ അവന്റെ സഹായം തേടുന്നതിലൂടെയുമാണ് അതു കൈവരിക്കുക.

മനുഷ്യൻ യാഥാർഥ്യങ്ങൾ തിരിച്ചറിയുകയും പരിഭ്രമവും വെപ്രാളവും കൂടാതെ അവയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്താൽ പിന്നെ അവന്റെ മുമ്പിൽ അവശേഷിക്കുന്നത് സത്യസന്ധവും ദൃഢവുമായ തീരുമാനം കൈക്കൊള്ളലും അതു നടപ്പിലാക്കലുമാണ്. ശരിയായ അഭിപ്രായങ്ങളിലെത്താൻ പലർക്കും കഴിയും. കാര്യങ്ങൾ വകതിരിച്ച് മനസ്സിലാക്കാനുള്ള ബുദ്ധിപരമായ കഴിവും അവർക്കുണ്ട്. പക്ഷേ, അത് ജീവിതത്തിൽ പ്രയോജനപ്പെടുന്നതായി കാണുന്നില്ല. തീരുമാനം നടപ്പിലാക്കാനുള്ള ശക്തി ഇല്ലാത്തതാണ് കാരണം. ദുഃഖാർത്തരും ഭീതിദരും വെപ്രാളം പൂണ്ടവരുമായി അവർ കഴിഞ്ഞുകൂടുന്നു. ഈ ഭീരുത്വവും ഭയപ്പാടുമൊന്നും ബുദ്ധിമാന്മാർക്ക് തീരെ ചേർന്നതല്ല.

തനിക്ക് ശരിയെന്ന് ബോധ്യപ്പെട്ട കാര്യങ്ങൾ പ്രാവർത്തികമാക്കുക എന്നതാണ് ഒരാൾക്ക് ചെയ്യാനുള്ളത്. അല്ലാഹു പറഞ്ഞു: “ദീൻ കാര്യങ്ങളിൽ, അവരെയും കൂടിയാലോചനകളിൽ പങ്കാളികളാക്കുക. എന്നിട്ട് താങ്കൾ ഒരു കാര്യത്തിൽ ദൃഢനിശ്ചയമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. അല്ലാഹുവോ, അവനെ ഭരമേൽപിച്ചു പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു” (*ആലു ഇംറാൻ*: 159).

ഏതു കാര്യത്തിലും എന്നുമെന്നും കൂടിയാലോചനയുമായി കഴിഞ്ഞാൽ പോരാ. അതിനൊരു സമയമുണ്ട്. അത് കഴിഞ്ഞാൽ തീരുമാനമെടുത്ത് കർമഭൂമിയിലേക്കിറങ്ങണം. ഭീതിയും അലസതയും കൈവെടിഞ്ഞ് ഏറ്റെടുത്ത പ്രവൃത്തിയിൽനിന്ന് വിരമിക്കുന്നതു വരെ അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കണം.

ഡേൽ കാർനേഗ് പറഞ്ഞു: “വൻകിട കച്ചവടക്കാരനായ വൈറ്റ് ഫിലിപ്സിനോട് ഞാൻ ചോദിച്ചു. എങ്ങനെയാണ് താങ്കൾ തീരുമാനങ്ങൾ നടപ്പിലാക്കുന്നത്? അദ്ദേഹം പറഞ്ഞു. ഒരു പ്രശ്നത്തിൽ നിശ്ചിത സമയത്തിനപ്പുറം ചിന്തിച്ചുകൊണ്ടേയിരിക്കരുത്. അത് അസ്വസ്ഥതകളും പ്രയാസങ്ങളും കൂട്ടാനേ ഉപകരിക്കൂ. ഞാൻ തീരുമാനമെടുത്തുകഴിഞ്ഞാൽ പിന്നെയൊരിക്കലും അതിൽനിന്ന് പിന്തിരിയാറില്ല. അതു നടപ്പിലാക്കുകയാണ് ചെയ്യാറ്.”

വില്യം ജെയിംസ് പറഞ്ഞു: “താങ്കളൊരു തീരുമാനത്തിലെത്തി, അതു നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് മാത്രമേ ചിന്തിക്കാവൂ. മറ്റുള്ള കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തരുത്. അഥവാ സംശയാലുവാകുകയോ ഭയവിഹ്വലനാവുകയോ ചൂളുകയോ ഊഹങ്ങളിലും സംശയങ്ങ

ളിലും വീണുപോവുകയോ ചെയ്യരുത്. പിറകിലേക്ക് നോക്കുന്ന പതിവ് ഉപേക്ഷിക്കുക. ഭയവും ശങ്കയുമില്ലാതെ തീരുമാനം നടപ്പിലാക്കാൻ മുന്നിട്ടിറങ്ങുക."

ആർജവവും ധീരതയും തിരിച്ചറിയപ്പെടുന്നത് മുന്നേറ്റങ്ങളിലൂടെയാണ്. ശങ്കിച്ചുനിൽക്കുന്നത് നട്ടെല്ലില്ലായ്മയുടെ സൂചനയാണ്. സത്യവിശ്വാസത്തിന് കളങ്കവുമാണ്. യുദ്ധത്തിനു പുറപ്പെട്ട ശേഷം അതിൽനിന്ന് പിന്തിരിയുന്നത് പ്രവാചകൻ വെറുത്തിരിക്കുന്നു. ബഹുദൈവവിശ്വാസികൾ യുദ്ധത്തിനായി ഉഹുദ് മലക്കരികെ എത്തിയ സന്ദർഭം. അവർ മദീനയിൽ എത്തട്ടെ, അപ്പോൾ അവരുമായി ഏറ്റുമുട്ടാം എന്നായിരുന്നു പ്രവാചകന്റെ തീരുമാനം. എന്നാൽ നാം അങ്ങോട്ട് ചെന്ന് ഉഹുദ് മലക്കു താഴെവെച്ച് അവരെ നേരിടണം എന്നായിരുന്നു ഭൂരിപക്ഷം യുവാക്കളുടെയും അഭിപ്രായം. ഉടനെ പ്രവാചകൻ തന്റെ അഭിപ്രായത്തിൽനിന്ന് പിൻവാങ്ങി അവരുടെ തീരുമാനം അംഗീകരിച്ചു. പിന്നീട് പ്രവാചകന്റെ അഭിപ്രായത്തെ തങ്ങൾ വിലമതിച്ചില്ലല്ലോ എന്നൊരു തോന്നൽ അവർക്കുണ്ടായി. ശത്രുക്കൾ മദീനയിലെത്തുമ്പോൾ യുദ്ധം ചെയ്യാം എന്ന പ്രവാചകന്റെ അഭിപ്രായം തങ്ങൾക്കും സ്വീകാര്യമാണ് എന്ന് ആ ചെറുപ്പക്കാർ നബിയെ അറിയിച്ചു. ഒരു തീരുമാനമെടുത്തുകഴിഞ്ഞശേഷം ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നത് ദൈവദൂതന്മാർക്ക് യോജിച്ചതല്ല എന്നായിരുന്നു പ്രവാചകന്റെ പ്രതികരണം.

ചുരുക്കത്തിൽ വിവേകത്തോടെ, ഉൾക്കാഴ്ചയോടെ, ഭീരുത്വവും ഊഹാപോഹങ്ങളും വെടിഞ്ഞ്, ജീവിതം ചിട്ടപ്പെടുത്തി മുന്നോട്ട് നീങ്ങണം. അല്ലാഹു ഇഷ്ടപ്പെടുന്നത് ആ മാർഗമാണ്. ഭീരുക്കളെ അവൻ വെറുക്കുന്നു. അവനിൽ ഭരമേൽപിക്കുന്നവർക്കാണ് അവൻ സംരക്ഷണം നൽകുക.

**വിവ. അബ്ദുർറഹ്മാൻ തുറക്കൽ**